മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിവര സാങ്കേതിക നയത്തിൽ വിവര വിനിമയ വിദ്യ പ്രയോജനപ്പെടുത്തി സർക്കാരിന്റെ സേവനം പൊതുജനങ്ങളിലേയ്ക്ക് അവർക്ക് വഹിക്കാവുന്ന ചെലവിൽ എത്തിക്കുമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്. അതിനനുസരണമായി പൊതുജനങ്ങൾക്ക് നിത്യജീവിതത്തിൽ അവശ്യം വേണ്ടുന്ന സേവനം നൽകുന്ന വിവിധ വകുപ്പുകളുടെ സേവന രംഗം, വിവര വിനിമയ സാങ്കേതികതയിലൂടെ ഒരു സ്ഥലത്തുനിന്നു തന്നെ ലഭ്യമാക്കുക എന്നതാണ് മുഖ്യമായ ലക്ഷ്യം.

(ബി) തിരുവനന്തപുരം നഗരസഭാനിർത്തിക്കുള്ളിലാണ് പരീക്ഷണാർത്ഥം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) വസ്തു നികുതി, തൊഴിൽ നികുതി, കെട്ടിട നികുതി, മോട്ടോർ വാഹന നികുതി തുടങ്ങിയവയാണ് പ്രാരംഭമായി ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) ഇപ്പോൾ പരീക്ഷണാർത്ഥമാണ് തിരുവനന്തപുരം നഗരാതിർത്തിയിൽ ആരംഭിക്കുന്നത്. ഇതിന്റെ പ്രവർത്തനം വിലയിരുത്തിയതിനു ശേഷം ഗ്രാമപ്രദേശങ്ങളിൽ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ഇപ്പോൾ നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് പരിശീലനം നൽകുന്നതാണ്.

(എഫ്)ഉൾപ്പെടുത്തിയിട്ടുള്ള വകുപ്പുകളിൽ കൈകാര്യം ചെയ്യുന്ന വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷാ ഫാറങ്ങളുടെ വിതരണവും, പൂരിപ്പിച്ച അപേക്ഷ സ്വീകരിക്കലും കൂടാതെ ജനസേവനവുമായി ബന്ധപ്പെട്ട മറ്റു മേഖലകളിൽക്കൂടി സേവനം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

21 (*470) കുടുംബ കോടതികളുടെ പ്രവർത്തനം

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. പി.കെ. കുമാരൻ :

ശ്രീ. എളമരം കരീം :

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബ കോടതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കുടുംബ കോടതികളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം ആവശ്യമായിട്ടുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) കുടുംബ കോടതികളുടെ പ്രവർത്തനത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കുടുംബ കോടതികൾ ആരംഭിക്കുന്നതിനു നിർദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇപ്പോൾ എത്ര കുടുംബ കോടതികളാണ് നിലവിലുള്ളത്; ഇവ എവിടെയെല്ലാമാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് എന്ന് അറിയിക്കുമോ;

(എഫ്)ഈ കോടതികളിലായി എത്ര കേസുകൾ തീർപ്പുകൽപ്പിക്കാൻ സാധിക്കുന്നുണ്ട്;

(ജി) കുടിശ്ശിക കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്.

(ബി)&(സി) കേസുകളിൽ വേഗത്തിൽ തീർപ്പു കൽപ്പിക്കുന്നതിന് അനുരഞ്ജന മാർഗ്ഗങ്ങൾക്ക് പ്രാമുഖ്യം നൽകുന്നു. ഇതുകൂടാതെ കുടുംബ കോടതികളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ക്യാമ്പ് സിറ്റിംഗ്സും നടത്തുന്നുണ്ട്.

(ഡി) കുടുംബ കോടതി നിയമം അനുസരിച്ച് എല്ലാ ജുഡീഷ്യൽ ജില്ലാ ആസ്ഥാനങ്ങളിലും കുടുംബ കോടതികൾ സ്ഥാപിയ്ക്കേണ്ടതാണ്.

(ഇ) ഏഴ് കുടുംബകോടതികൾ (തിരുവനന്തപുരം, കൊല്ലം, കോട്ടയം (ഏറ്റുമാനൂർ), എറണാകുളം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട് എന്നിവിടങ്ങളിൽ.

(എഫ്) 31-12-99 വരെ 17935 കേസുകൾ തീർപ്പു കൽപ്പിക്കാനുണ്ട്.

(ജി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ഹൈക്കോടതി സ്വീകരിച്ചുവരുന്നു.

22 (*471) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ ആശുപത്രികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ ആശുപത്രികളിലും വേണ്ടത്ര യോഗ്യതയുള്ള ഡോക്ടർമാരും ആവശ്യമായ ഉപകരണങ്ങളും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ ആശുപത്രികൾക്ക് ലൈസൻസോ മറ്റേതെങ്കിലും നിയന്ത്രണങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) പല സ്വകാര്യ ആശുപത്രികളിലും ചികിത്സാ ചെലവു കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഐ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി)മുതൽ(ഐ)വരെ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് നിലവിൽ സംവിധാനമൊന്നുമില്ല. എന്നാൽ സ്വകാര്യ ആശുപത്രികൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുമായി കേരളാ പ്രൈവറ്റ് ഹോസ്പിറ്റൽ രജിസ്ട്രേഷൻ

LIBRARY ARCHIVES Kerala Legislative Assembly